**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3645** **12-03-2025 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ സ്കൂളുകൾക്ക് സഹായം ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പതിനെട്ട് വയസ്സിന് മുകളിലുള്ള ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനത്തിനും പരിശീലനത്തിനും സ്പെഷ്യൽ സ്കൂളുകൾക്ക് നൽകിയിരുന്ന സഹായം വിദ്യാഭ്യാസ വകുപ്പ് തുടർന്ന് നൽകാത്ത സാഹചര്യത്തിൽ ഇത്തരം കുട്ടികളുടെ പഠന - പരിശീലനങ്ങൾക്കായി സാമൂഹ്യ നീതി വകുപ്പ് പ്രത്യേകം പദ്ധതി തയ്യാറാക്കുമോ; | (എ) | ബൗദ്ധികവെല്ലുവിളി നേരിടുന്നവർക്കു വേണ്ടി തൊഴിലധിഷ്ഠിത/ വൈദഗ്ധ്യ വികസനത്തിനു വേണ്ടിയുള്ള ഒരു സമഗ്ര പദ്ധതി 'പ്രചോദനം '' എന്ന പേരിൽ സാമൂഹ്യനീതിവകുപ്പ് ആരംഭിയ്ക്കുകയും മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള തൊഴിൽ നൈപുണ്യ വികസനത്തിനായി പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 23/01/2024 ലെ സ.ഉ.(സാധാ) നം 27/2024 /SJD പ്രകാരം കരിക്കുലം കമ്മിറ്റി രൂപീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഭിന്നശേഷിക്കാരുടെ പുനരധിവാസവും ഉന്നമനവും ലക്ഷ്യമാക്കി NGO സഹകരണത്തോടെ സാമൂഹ്യനീതിവകുപ്പ് തയ്യാറാക്കിയിരിക്കുന്ന സമഗ്ര പദ്ധതിയാണ് ''അതിജീവനം '. ഭിന്നശേഷിക്കാർക്കുള്ള തൊഴിൽപരിശീലന കേന്ദ്രങ്ങൾ, പകൽപരിപാലന കേന്ദ്രങ്ങൾ, കാഴ്ചവൈകല്യമുള്ളവർക്കും, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും വിവരസാങ്കേതിക വിദ്യയിലൂടെ ഉന്നമനം ലക്ഷ്യമിടുന്ന പദ്ധതി, മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള മാതൃക പുനരധിവാസ പരിപാടി,ഭിന്നശേഷിക്കാർക്കുള്ള മുഖ്യധാര പുനരധിവാസം ഉറപ്പുവരുത്തുന്നതിനുള്ള നൂതനപദ്ധതികൾ എന്നിവ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നു.<br><br>സ്പെഷ്യൽ സ്കൂൾ പാക്കേജിന്റെ ഭാഗമായി ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് സാമ്പത്തികസഹായം ചെയ്യുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ 18 വയസ്സിനു മുകളിലുള്ള കുട്ടികളും പഠനം തുടരുന്നുണ്ട്. |
| (ബി) | ഇവരെ പരിശീലിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് നേരത്തെ ലഭിച്ചിരുന്ന സഹായങ്ങൾ തുടർന്നും | (ബി) | എൻ.ജി.ഒ. കൾക്കു കീഴിലെ സ്പെഷ്യൽ സ്കൂളുകൾ പഞ്ചായത്തുകൾക്കു കീഴിലെ ബഡ്സ് സ്കൂളുകൾ |

| | | | |
|---|---|---|---|
| | ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | എന്നിവയ്ക്ക് 12 വർഷത്തോളമായി പൊതുവിദ്യാഭ്യാസ വകുപ്പ്<br><br>സാമ്പത്തികസഹായം ലഭ്യമാക്കുന്നുണ്ട്. പ്ലാൻ ഫണ്ടിന്റെ ഭാഗമായി 2024-25 വർഷം 5 0 കോടി രൂപ പ്രസ്തുത സാമ്പത്തിക സഹായത്തിനായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ